# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം.പി.ആർ.02/2024 തിരുവനന്തപുരം, തീയതി: 03/01/2024

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഒന്നാം വർഷ എം.എഡ് പ്രവേശനം 2023 സ്പോട്ട് അലോട്ട്മെന്റ്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/ സ്വാശ്രയ കോളേജുകളിലെ ഒന്നാം വർഷ എം.എഡ് കോഴ്സിലേയ്ക്ക് 2024 ജനുവരി 6 ന് Govt. College of Teacher Education, Thycaud വച്ച് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നതാണ്. വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ട്, യോഗ്യത തെളിയിക്കുന്ന മാർക്ക് ലിസ്റ്റ്, എലിജിബിലിറ്റി സർട്ടിഫിക്കറ്റ് (for candidates of other Universities), Non Creamy Layer Certificate (for SEBC Candidates), കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് (SC, ST Candidates) EWS സർട്ടിഫിക്കറ്റ്, Medical certificate (for Differently Abled Candidates), മറ്റു യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ എന്നിവ ഹാജരാക്കേണ്ടതാണ്. സംവരണ വിഭാഗം സീറ്റുകൾക്ക് (എസ്.സി/എസ്.ടി വിഭാഗങ്ങൾ ഉൾപ്പെടെ) അതാത് വിഭാഗങ്ങളിലെ വിദ്യാർത്ഥികൾ ഇല്ലാത്തപക്ഷം പ്രസ്തുത സീറ്റുകൾ പ്രോസ്പെക്ടസ് പ്രകാരം മറ്റു വിഭാഗങ്ങളിലേക്ക് മാറ്റി നൽകുന്നതാണ്. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. ഏതെങ്കിലും കാരണത്താൽ ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം (authorization letter) നൽകി പ്രതിനിധിയെ അയക്കാവുന്നതാണ്. നിലവിൽ സർവകലാശാല അഡ്മിഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തവരെ, റാങ്ക് ലിസ്റ്റിലെ വിദ്യാർത്ഥികളെ പരിഗണിച്ചതിനു ശേഷം ഒഴിവുള്ള സീറ്റുകളിലേക്ക് പരിഗണിക്കുന്നതാണ്.

### പരീക്ഷാഫീസ്

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്‌സി. സുവോളജി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ അവസാന തീയതിയായ 2024 ജനുവരി 10 ന് മുൻപ് www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ.

### പരീക്ഷാഫീസ് – തീയതി നീട്ടി

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസം വഴി നടത്തിയ ബി.എൽ.ഐ.എസ്‌സി. (ആന്വൽ – 2008 - 2016 അഡ്മിഷൻ) പരീക്ഷയുടെ രജിസ്ട്രേഷൻ തീയതി പിഴകൂടാതെ 2024 ജനുവരി 8 വരെയും 150 രൂപ പിഴയോടെ ജനുവരി 12 വരെയും 400 രൂപ പിഴയോടെ ജനുവരി 16 വരെയും നീട്ടിയിരിക്കുന്നു.

# ഡോ. പുതുശ്ശേരി രാമചന്ദ്രൻ കവിതാപുരസ്കാരത്തിനും ഭാഷാപുരസ്കാരത്തിനുമുള്ള രചനകൾ സ്വീകരിക്കുന്നത് – തീയതി നീട്ടി

കേരളസർവകലാശാല കേരളപഠനവിഭാഗം പുതുശ്ശേരി സ്മാരക സെമിനാറുമായി ബന്ധപ്പെട്ട് നൽകുന്ന കവിതാപുരസ്കാരത്തിനും ഭാഷാപുരസ്കാരത്തിനും രചനകൾ ക്ഷണിച്ചിരുന്നു. പ്രസ്തുത രചനകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2024 ജനുവരി 31 വരെ നീട്ടിയിരിക്കുന്നു.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* 9188526670, 9188526671, 9188526674, 9188526675
**Whats App No. 8547330240**